# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3332** **11.05.2017-ൽ മറുപടിക്ക്**

## കൊല്ലം മണ്ഡലത്തിലെ ഊർജ്ജ വകുപ്പിന്റെ പ്രവൃത്തികൾ

| | ചോദ്യം<br>ശ്രീ.എം. മുകേഷ് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്ന ശേഷം കൊല്ലം മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് മുഖാന്തരം നടപ്പിൽ വരുത്തിയതും ഭരണാനുമതി ലഭിച്ചിട്ടുള്ളതും പൂർത്തീകരിച്ചിട്ടുള്ളതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ? | (എ) | വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ സർക്കാർ നിലവിൽ വന്ന ശേഷം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. വൈദ്യുതി മുടങ്ങുന്നതും എപ്പോൾ തിരികെ ലഭിക്കും എന്നുള്ളതും എസ്. എം. എസ് മുഖേന ഉപഭോക്താക്കളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള ഊർജ്ജ-ദൂത് പദ്ധതി ഉപഭോക്താക്കൾക്ക് 25.10.2016-ന് സമർപ്പിച്ചു. വൈദ്യുതി ശൃംഖലയിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന ചില അറ്റകുറ്റപണികൾ മൂലം ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ മുൻകൂട്ടി അറിയിക്കാൻ കഴിയുന്നവ അപ്രകാരവും, അടിയന്തിര ഘട്ടങ്ങളിൽ ഉണ്ടാകുന്നവ അതേ സമയത്തും, വൈദ്യുതി എപ്പോൾ തിരികെ ലഭിക്കും എന്നതുൾപ്പെടെ ഉപഭോക്താക്കളെ അറിയിക്കുന്നതാണ് ഊർജ്ജ-ദൂത് പദ്ധതി. തങ്ങളുടെ മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യുന്ന എല്ലാ ഉപഭോക്താക്കൾക്കും ഈ സേവനം ലഭ്യമാണ്. കെ. എസ്. ഇ. ബി. യുടെ വെബ്സൈറ്റ് www.kseb.in വഴിയോ സെക്ഷനോഫീസുകൾ വഴിയോ ഈ സേവനത്തിന് രജിസ്റ്റർ ചെയ്യാവുന്നതാണ്.<br>2. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ - ബിൽ തുക, പിഴ കൂടാതെ പണമടയ്ക്കേണ്ട തീയതി, പിഴയോടുകൂടി പണമടയ്ക്കുന്നതിനുള്ള അവസാന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ എസ്.എം.എസ്സായി മൊബൈൽ ഫോൺ |

| | | | |
|---|---|---|---|
| | | | വഴിയും ഇ-മെയിലായും അറിയിക്കുന്നതിനുള്ള ഇ-ബില്ലിംഗ് പദ്ധതിയാണ് 'ഊർജ്ജ സൗഹൃദ' നടപ്പിലാക്കി. കൂടാതെ പണമടയ്ക്കുന്നതിനുള്ള അവസാന തീയതി ഓർമ്മപ്പെടുത്തുന്ന എസ്.എം.എസ്സും ഉപഭോക്താക്കൾക്ക് ലഭിക്കും. കെ. എസ്. ഇ. ബി-യുടെ വെബ്സൈറ്റ് www.kseb.in വഴിയോ സെക്ഷനാഫീസുകൾ വഴിയും ഈ സേവനത്തിന് രജിസ്റ്റർ ചെയ്യാവുന്നതാണ്.<br>3. പേ.റ്റി.എം (പേ ത്രൂ മൊബൈൽ), വോഡഫോൺ എം-പെസാ എന്നീ മൊബൈൽ-വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം കെ.എസ്.ഇ.ബി. ഏർപ്പെടുത്തിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് തങ്ങളുടെ മൊബൈൽ വഴി വൈദ്യുതി ബിൽ തുക മേൽ പറഞ്ഞ വാലറ്റുകളുടെ മൊബൈൽ ആപ്പുകൾ ഉപയോഗിച്ച് അടയ്ക്കാൻ കഴിയും.<br>4. പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈനിൽ നൽകാനും അപേക്ഷാ ഫീസ് ഓൺലൈനിൽ അടയ്ക്കാനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കണക്ഷനു വേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് ലോടെൻഷൻ ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും ഓൺലൈനിൽ തന്നെ അടയ്ക്കാൻ കഴിയും. അപേക്ഷയുടെ പ്രിന്റൌട്ടും, അപേക്ഷന്റെ ഫോട്ടോയും, മറ്റു രേഖകളും കണക്ഷൻ നല്കാൻ വരുന്ന കെ. എസ്. ഇ.ബി ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും. അതിനാൽ മേൽപ്പറഞ്ഞ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസിൽ വരാതെ തന്നെ സർവ്വീസ് കണക്ഷൻ ലഭിക്കുന്നു. പോസ്റ്റ് ആവശ്യമുള്ള സർവ്വീസ് കണക്ഷന് ആപ്ലിക്കേഷൻ ഫീസ് അപേക്ഷ നൽകുമ്പോൾ തന്നെ ഓൺലൈനായി അടയ്ക്കാൻ കഴിയും. സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും സ്ഥല |

പരിശോധനയ്ക്കുശേഷം ഇ-മെയിൽ വഴിയും എസ്. എം. എസ് വഴിയും അറിയിക്കുന്ന താണ്. ഈ തുക കെ. എസ്. ഇ. ബി-യുടെ എല്ലാ സെക്ഷൻ ഓഫീസുകൾ വഴിയും അടയ്ക്കാൻ കഴിയും.

5. ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും അപകടങ്ങളും മറ്റു അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിനും വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനവുമായി ബന്ധപ്പെടാൻ വേണ്ടി 1912 എന്ന ടോൾ ഫ്രീ നമ്പർ സംവിധാനവും ഓൺലൈൻ വെബ് സെൽഫ് സർവ്വീസ് (www.wss.kseb.in) സംവിധാനവും നടപ്പിലാക്കി.
6. Whats App എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.
7. അപ്പാ സി.എസ്.സി. എന്ന ദേശീയ പൊതുസേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവനകേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം നടപ്പിലാക്കി.

വിതരണ വിഭാഗത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തിയാക്കിയതുമായ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

കൊല്ലം ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് മേൽക്കൂരയിൽ 35 KW സൗരോർജ്ജനിലയം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 110 KW കാവനാട് സബ്സ്റ്റേഷൻ റൂഫ് ടോപ്പിൽ 20 KW സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

Hemalatha

**സെക്ഷൻ ഓഫീസർ**

അനുബന്ധം

LA Qn. No. 3332

## കൊല്ലം മണ്ഡലത്തിലെ ഊർജ്ജവകുപ്പിന്റെ പ്രവൃത്തികൾ

| 16–17 വാർഷിക പദ്ധതി | അനുമതി ലഭിച്ച പദ്ധതി | തുക | പൂർത്തീകരിച്ചത് | തുക (രൂപ) |
|---|---|---|---|---|
| | 54.79 കി.മീറ്റർ 11 കെ.വി ലൈൻ നിർമ്മാണം. | 67308400/- | 6.46 കി.മീറ്റർ 11 കെ.വി ലൈൻ നിർമ്മാണം. | 56,03,600/- |
| | 6.55 കി.മീറ്റർ 11 കെ.വി റീകണ്ടക്ടറിംഗ് ജോലി | 1244800/- | 10.9 കി.മീറ്റർ 11 കെ.വി റീകണ്ടക്ടറിംഗ് ജോലി | 20,71,000/- |
| | 24 കി.മീറ്റർ എൽ.ടി ലൈൻ നിർമ്മാണം | 29483530/- | 23.27 കി.മീറ്റർ എൽ.ടി ലൈൻ നിർമ്മാണം | 1,07,05,120/- |
| | 263 കി.മീറ്റർ എൽ.ടി റീകണ്ടക്ടറിംഗ് ജോലി | 15780000/- | 314.04 കി.മീറ്റർ എൽ.ടി റീകണ്ടക്ടറിംഗ് ജോലി | 1,88,42,400/- |
| | 7.6 കി.മീറ്റർ, ലൈൻ കൺവേർഷൻ ജോലി | 397049/- | 17.17 കി.മീറ്റർ ലൈൻ കൺവേർഷൻ ജോലി | 37,77,400/- |
| | 4335 എണ്ണം പുതിയ സർവ്വീസ് കണക്ഷനുകൾ | 11704500/- | 3136 എണ്ണം പുതിയ സർവ്വീസ് കണക്ഷനുകൾ | 69,38,400/- |
| | 33 എണ്ണം പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ | 10570363/- | 21 എണ്ണം പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ | 70,33,350/- |
| | 7571 എണ്ണം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ | 7571000/- | 4548 എണ്ണം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ | 45,48,000/- |
| കെ.ഡി.എസ് പദ്ധതി | 1450 മീറ്റർ സിംഗിൾ ഫേസ് ലൈൻ, 1820 മീറ്റർ സ്ട്രീറ്റ് മെയിൻ എന്നിവയുടെ നിർമ്മാണവും 110 എണ്ണം ഡബിൾ ട്യൂബ് ഫിറ്റിംഗ് | 1037180/- | 1450 മീറ്റർ സിംഗിൾ ഫേസ് ലൈൻ, 1820 മീറ്റർ സ്ട്രീറ്റ് മെയിൻ എന്നിവയുടെ നിർമ്മാണവും 110 എണ്ണം ഡബിൾ ട്യൂബ് ഫിറ്റിംഗ് | 1037180/- |
| സമ്പൂർണ്ണ വൈദ്യുതീകരണം | 2.628 കി. മീറ്റർ എൽ.ടി ലൈൻ നിർമ്മാണവും 325 എണ്ണം പുതിയ സർവ്വീസ് കണക്ഷനുകളും | 2193988/- | 2.628 കി. മീറ്റർ എൽ.ടി ലൈൻ നിർമ്മാണവും 325 എണ്ണം പുതിയ സർവ്വീസ് കണക്ഷനുകളും | 2193988/- |

LA Qn. NO. 3332

## 17-18 വാർഷിക പദ്ധതി

| 17-18 വാർഷിക പദ്ധതി | അനുമതി ലഭിച്ച പദ്ധതി | തുക | പൂർത്തീകരിച്ചത് | തുക (രൂപ) |
|---|---|---|---|---|
| | 90.69 കി.മീറ്റർ 11 കെ.വി ലൈൻ നിർമ്മാണം | 111410890/- | 0.84 കി.മീറ്റർ 11 കെ.വി ലൈൻ നിർമ്മാണം | 1031923/- |
| | 19.65 കി.മീറ്റർ 11 കെ.വി റീകണ്ടക്ടറിംഗ് ജോലി | 1321291/- | 0 കി.മീറ്റർ 11 കെ.വി റീകണ്ടക്ടറിംഗ് ജോലി | 0 |
| | 147.56 കി.മീറ്റർ എൽ.ടി ലൈൻ നിർമ്മാണം | 19771128/- | 2.36 കി.മീറ്റർ എൽ.ടി ലൈൻ നിർമ്മാണം | 316209/- |
| | 112.45 കി.മീറ്റർ എൽ.ടി റീകണ്ടക്ടറിംഗ് ജോലി | 3842521/- | 18.21 കി.മീറ്റർ എൽ.ടി റീകണ്ടക്ടറിംഗ് ജോലി | 622252/- |
| | 5.98 കി.മീറ്റർ ലൈൻ കൺവേർഷൻ ജോലി | 1840454/- | 0.57 കി.മീറ്റർ ലൈൻ കൺവേർഷൻ ജോലി | 175427/- |
| | 4722 എണ്ണം പുതിയ സർവ്വീസ് കണക്ഷനുകൾ | 13007536/- | 279 എണ്ണം പുതിയ സർവ്വീസ് കണക്ഷനുകൾ | 753300/- |
| | 73 എണ്ണം പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ | 23382925/- | 1 എണ്ണം പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ | 320314/- |
| | 7264 എണ്ണം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ | 7112730/- | 832 എണ്ണം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ | 832000/- |

Hemalatha
സെക്ഷൻ ഓഫീസർ